"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സി.എസ്.ഐ.എൻ. വകുപ്പ് -ആലപ്പുഴ ജില്ല-കുട്ടനാട് നിയോജകമണ്ഡലത്തിലെ പനയ്ക്കൽ തോടിന് കുറുകെയുള്ള കാനാച്ചേരി പാലം നിർമ്മാണം - ജലപാതകൾക്ക് കുറുകെയുള്ള നിർമ്മിതികൾക്ക് നിഷ്കർഷിച്ചിട്ടുള്ള വെർട്ടിക്കൽ ക്ലിയറൻസ് മാനദണ്ഡങ്ങളിൽ ഇളവ് അനുവദിക്കുന്നത് - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.55/2025/CSIND തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:- 1. സ.ഉ.(കൈ) നം.10/2019/സി.എസ്.ഐ.എൻ.ഡി, തീയതി 20/12/2019.

2. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 30/06/2025 - ലെ W8-099/CE/IN/2018 കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ ജലപാതകൾക്കും, ഫീഡർ കനാലുകൾക്കും കുറുകെയുള്ള നിർമ്മിതികൾക്കും വെർട്ടിക്കൽ/ ഹൊറിസോണ്ടൽ ക്ലിയറൻസ് മാനദണ്ഡങ്ങൾ നിഷ്കർഷിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം ഫീഡർ കനാലുകൾക്ക് കുറുകെയുള്ള നിർമ്മിതികൾക്ക് വേലിയേറ്റ നിരപ്പിൽ നിന്നും 5 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2. കുട്ടനാട് നിയോജക മണ്ഡലത്തിലെ പനയ്ക്കൽ തോടിന് കുറുകെയുള്ള കാനാച്ചേരി പാലത്തിന് HTL+5.00 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസും 16.50 മീറ്റർ ഹൊറിസോണ്ടൽ ക്ലിയറൻസും (between pile cap) ലഭിക്കത്തക്ക രീതിയിൽ നിരാക്ഷേപപത്രം നൽകിയിരുന്നതായും, എന്നാൽ IRC വ്യവസ്ഥകൾ പ്രകാരം കനാലിന്റെ വീതി കണക്കിലെടുത്ത് ബാർജുകൾ പോകുന്നതിന് HTL+ 4.00 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ്, 19.10 മീറ്റർ ഹൊറിസോണ്ടൽ ക്ലിയറൻസ് നൽകിയാണ് PWD ബ്രിഡ്ജസ് വിഭാഗം ഡിസൈൻ തയ്യാറാക്കിയിട്ടുള്ളതെന്നും, പ്രസ്തുത 4.00 മീറ്റർ ഉയരത്തിൽ കൂടി ഇരുനില ഹൗസ് ബോട്ടുകൾക്കും യാത്രാബോട്ടുകൾക്കും കടന്നുപോകാൻ സാധിക്കുമെന്നും, നിലവിൽ പാലത്തിന്റെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ നടപടികൾ റവന്യൂ വകുപ്പിൽ പൂർത്തീകരണ ഘട്ടത്തിലായതിനാലും റവന്യൂ വകുപ്പിന് സ്ഥലത്തിന്റെയും കെട്ടിടങ്ങളുടെയും വില കൈമാറിയിട്ടുള്ളതാകയാലും 4.00 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസിൽ നിന്നും 5.00 മീറ്റർ ആയി ഉയർത്തുന്നതോടെ അധികമായി സ്ഥലമേറ്റെടുക്കേണ്ടി വരുന്നത് പാലത്തിന്റെ പ്രവൃത്തികൾക്ക് ചിലവേറുന്നതിനും കാലതാമസത്തിനും ഇടയാക്കുമെന്നും അതിനാൽ പ്രസ്തുത പാലത്തിന് നിലവിലെ ഡിസൈൻ പ്രകാരം നിർമ്മാണം നടത്തുന്നതിന് വെർട്ടിക്കൽ ക്ലിയറൻസ് മാനദണ്ഡത്തിൽ ഇളവ് അനുവദിക്കണമെന്നും പരാമർശം (2) കത്ത് പ്രകാരം ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ അറിയിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുട്ടനാട് നിയോജകമണ്ഡലത്തിലെ പനയ്ക്കൽ തോടിന് കുറുകെയുള്ള കാനാച്ചേരി പാലത്തിന് പരാമർശം (1) ഉത്തരവിലെ ഖണ്ഡിക 3.2-ൽ ഇളവ് വരുത്തി HTL+4.00 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് ലഭിക്കത്തക്കവിധം പാലം നിർമ്മിക്കുന്നതിന് അനുമതി/നിരാക്ഷേപ പത്രം നല്കുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും, തിരുവനന്തപുരം.
ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ശ്രീവത്സം ബിൽഡിംഗ്, കിടങ്ങാംപറമ്പ്, ആലപ്പുഴ.
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് പാലങ്ങൾ വിഭാഗം.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം കൊല്ലം.
മാനേജിംഗ് ഡയറക്ടർ/ചീഫ് എഞ്ചിനീയർ, കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി. കൊച്ചി എയർപോർട്ട് ബിൽഡിംഗ്, കൊച്ചി.
മാനേജിംഗ് ഡയറക്ടർ, കെ.എം.ആർ.എൽ. JLN മെട്രോ സ്റ്റേഷൻ, നാലാം നില, കലൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
പൊതുമരാമത്ത് വകുപ്പ്
വിവരപൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/134/2025/ സി.എസ്.ഐ.എൻ.ഡി).

ഉത്തരവിൻ പ്രകാരം

Signed by
Bimal V
Date: 20-12-2025 10:51:20

സെക്ഷൻ ഓഫീസർ